# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5878** **30-07-2015 ലെ മറുപടിയ്ക്ക്**

## ലോട്ടറി ഏജന്റുമാരുടെ ക്ഷേമത്തിനായി പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ റെക്കാർഡ് ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | 10-08-2011-ലെ ജി.ഒ. (എം.എസ്.) 105/11/റ്റി.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയതായി 6 പ്രതിവാര ഭാഗ്യക്കുറികൾകൂടി ആരംഭിച്ചതുവഴി ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തിവരുന്നു. ചെറുകിട ഏജന്റുമാർക്കും പ്രയോജനം ലഭിക്കത്തക്കരീതിയിൽ കമ്മീഷൻ വ്യവസ്ഥകൾ ക്രമീകരിക്കുകയും, ഏജന്റുമാരുടേയും, ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡിമാന്റിനനുസരിച്ച് ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും, നറുക്കെടുപ്പ് യന്ത്രവത്ക്കരിച്ച് സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപന വർദ്ധിക്കുന്നതിനും തത്ഫലമായി സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ലോട്ടറി ഏജന്റുമാരുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ലോട്ടറി ഏജന്റുമാരുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി പുറപ്പെടുവിച്ച 21-11-2009-ലെ ജി.ഒ.(പി) നമ്പർ 209/2009/നി.വ. ഉത്തരവ് പ്രകാരം ക്ഷേമനിധി പദ്ധതി വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രതിമാസ പെൻഷനുകളായ സ്പെഷ്യൽ പെൻഷൻ, സൂപ്പറാന്വേഷൻ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, അർഹരായ ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാ ധനസഹായം, പ്രത്യേക ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, സ്ത്രീ അംഗങ്ങൾക്ക് പ്രസവാനുകൂല്യം എന്നീ ആനുകൂല്യങ്ങളും കൂടാതെ പ്രതിവർഷം ഓണം അലവൻസ്, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് എന്നീ ക്ഷേമാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. |

Jayak

സെക്ഷൻ ഓഫീസർ.